# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 790 — 17.07.2014 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ
" ഇ. പി. ജയരാജൻ
" വി. ശിവൻകുട്ടി
" ബി. സത്യൻ

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സർക്കാർ ആശുപത്രികളിൽ നല്ലൊരുപങ്കം ശോച്യാവസ്ഥയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(എ) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് എല്ലാ ആശുപത്രികളേയും റഫറൽ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന രോഗികളുടെ ബാഹുല്യത്തിന് കുറവുണ്ടായിട്ടില്ല. ഇക്കാരണത്താൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എല്ലാം തന്നെ പാലിക്കുന്നുണ്ടെങ്കിലും മെഡിക്കൽ കോളേജ് ആശുപത്രികളുടെ ശോച്യാവസ്ഥ പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുന്നില്ല. താഴെത്തട്ടിലുള്ള ആശുപത്രികളിലെത്തുന്ന രോഗികൾക്ക് അവിടെത്തന്നെ പരമാവധി ചികിത്സ ലഭ്യമാക്കുകയും വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ മാത്രം മെഡിക്കൽ കോളേജ് ആശുപത്രികളിലേയ്ക്ക് അയയ്ക്കുകയും ചെയ്താൽ മാത്രമേ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിയൂ.

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ ശോച്യാവസ്ഥ പരിശോധിച്ച് വിവിധ സ്കീമുകളിലായി ഇവ പരിഹരിക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്. സർക്കാരിന്റെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് സ്പെഷ്യാലിറ്റി ആശുപത്രികളിലും, ജനറൽ

ആശുപത്രികളിലുമുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും മേജർ കൺസ്ട്രക്ഷൻ അണ്ടർ ഡി.എച്ച്.എസ് എന്ന പദ്ധതിയുടെ ഭാഗമായി മാനസിക ആരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി ആശുപത്രികളിൽ ഡി അഡിക്ഷൻ സെന്ററുകൾ തുടങ്ങുവാനുള്ള പദ്ധതിയും ആരംഭിച്ചു. ക്യാപിറ്റൽ ഹെഡ്ഡിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും, താലൂക്ക്/ജില്ലാ ആശുപത്രികളിലും അടിസ്ഥാന വികസന സൗകര്യമൊരുക്കുന്നതിനായി പദ്ധതികൾ തുടങ്ങുകയും ചെയ്തു. 13-ാമത് ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ആശുപത്രികളിലെ ലാബുകളുടെ വികസന സൗകര്യത്തിന് 10 കോടി രൂപ അനുവദിച്ചു. ട്രോമാകെയർ യൂണിറ്റുകൾ, ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ജീറിയാട്രിക് ക്ലിനിക്ക്, പാലിയേറ്റീവ് ക്ലിനിക്ക് എന്നിവ ആരംഭിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ലെപ്രസിഇറാഡിക്കേഷൻ പ്രോഗ്രാം, ബ്ലൈൻഡ്നെസ്സ് കൺട്രോൾ പ്രോഗ്രാം, അയഡിൻ ഡെഫിഷ്യൻസി പ്രോഗ്രാം, എൻ.എ.സി.പി. ട്രെയിനിംഗ് പ്രോഗ്രാം, ടി.ബി. കൺട്രോൾ പ്രോഗ്രാം എന്നീ പദ്ധതികൾ ആരോഗ്യവകുപ്പിൽ നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്ന 4210 ശീർഷകത്തിൽ ഉൾപ്പെടുത്തി മെന്റൽ ഹെൽത്ത് സെന്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ, പെയിൻ & പാലിയേറ്റീവ് സെന്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ, പി.എച്ച്.ലാബ് ശക്തിപ്പെടുത്തൽ, തെരഞ്ഞെടുത്ത ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ, ഡയഗ്നോസ്റ്റിക് സേവനങ്ങൾ ശക്തിപ്പെടുത്തൽ, തെരഞ്ഞെടുത്ത ആശുപത്രികളിലെ ലാബുകളുടെ നിർമ്മാണ പ്രവൃത്തികൾ, W&C ആശുപത്രികൾ നിർമ്മിക്കൽ എന്നീ പദ്ധതികൾ നടന്നുവരുന്നു. ജീവനക്കാരുടെ കുറവുള്ള ആശുപത്രികളിൽ ജീവനക്കാരുടെ കുറവ് നികത്തുന്നതിനായി ലഭിക്കുന്ന ശുപാർശകൾ പരിശോധിച്ച് അധിക തസ്തികയും സൃഷ്ടിക്കുന്നുണ്ട്. കാരുണ്യാ ബെനവലന്റ് ഫണ്ട്, മിഷൻ 676, ആർ.ബി.എസ്.കെ, പ്ലാൻ ഫണ്ട്, എൻ.ആർ.എച്ച്.എം, പഞ്ചായത്ത് തലത്തിലുള്ള വിവിധയിനം പദ്ധതികൾ എന്നിവ വഴിയും അടിസ്ഥാന സൗകര്യ

വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന തിരുവനന്തപുരം ഗവ.ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ ഗവ.ആയുർവേദ കോളേജ്, കണ്ണൂർ ഗവ.ആയുർവേദ കോളേജ് എന്നിവയുടെ കീഴിൽ വരുന്ന ആശുപത്രികൾ, ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള ആശുപത്രികൾ, ഡിസ്പെൻസറികൾ, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവിടങ്ങളിൽ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ ഹോമിയോ ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം (85% കേന്ദ്ര ധനസഹായവും 15% സംസ്ഥാന ധനസഹായവും) ഹോമിയോ ആശുപത്രികളുടെ നവീകരണത്തിനായി 2010-11 ൽ 453 ലക്ഷം രൂപയും 2011-12 ൽ 750 ലക്ഷം രൂപയും ആയുഷ് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ധനസഹായത്താൽ 18 ഹോമിയോ ആശുപത്രികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) മുൻവർഷം പ്രഖ്യാപിച്ച നവീകരണ പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്നും അതിൽ എത്ര മാത്രം നടപ്പാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി 2013-14 സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികൾ എല്ലാംതന്നെ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കഡാവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും കഡാവർ ട്രാൻസ്പ്ലാന്റേഷൻ, ലിവർ ട്രാൻസ്പ്ലാന്റേഷൻ എന്നിവ നടത്തുവാൻ വേണ്ട വിദഗ്ധ പരിശീലനം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും പൊള്ളലേറ്റ് ചികിത്സതേടി എത്തുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി പ്രത്യേക ബേൺസ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പണി പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളുടെ കീഴിലുള്ള ഫാർമസി വിഭാഗങ്ങളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധനയ്ക്കായുള്ള ഡ്രഗ്

ടെസ്റ്റിംഗ് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

05/02/2013-ലെ 114/13/നികുതി നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ആരോഗ്യവകുപ്പിലെ 27 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ ഉത്തരവായിട്ടുണ്ട്. 2013-14 പ്ലാൻ ബഡ്ജറ്റിൽ 2210 ശീർഷകത്തിൽ 42 സംസ്ഥാന പദ്ധതികളിലും 5 കേന്ദ്രാവിഷ്കൃത പദ്ധതികളിലും, 4210 ശീർഷകത്തിൽ 8 പദ്ധതികളിലുമായി, ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.

1. ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
2. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.
3. ഫിസിക്കൽ മെഡിസിനുമായി ബന്ധപ്പെട്ട യൂണിറ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റും നൽകൽ
4. ഡെന്റൽ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ
5. ടെലിഹെൽത്ത് മെഡിക്കൽ യൂണിറ്റുകൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ
6. ഡിസ്ട്രിക്റ്റ് മെന്റൽ ഹെൽത്ത് പ്രോഗ്രാമുകൾ
7. ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാങ്ങൽ. വന്ധ്യതാ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തൽ.
8. സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം
9. ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ
10. ലഹരി വിമുക്ത സെന്ററുകൾക്ക് ആവശ്യമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ മറ്റും വാങ്ങൽ.
11. സി.എച്ച്.സി മുതൽ ജനറൽ ആശുപത്രിവരെയുള്ള ആശുപത്രികളുടെ ലാബ് സൗകര്യം മെച്ചപ്പെടുത്തൽ
12. തെരഞ്ഞെടുത്ത താലൂക്കാശുപത്രികളുടെ മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്തൽ

13. മെഡിക്കൽ റിക്കോർഡ് ലൈബ്രറി ശക്തിപ്പെടുത്തൽ
14. കാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ
15. പബ്ലിക്ക് ഹെൽത്ത് ലാബുകൾ ശക്തിപ്പെടുത്തൽ
16. ജനറൽ ആശുപത്രി തിരുവനന്തപുരം, W&C ആശുപത്രി തൈക്കാട് എന്നീ ആശുപത്രികൾ സംയോജിപ്പിച്ച് മെഡിക്കൽ കോളേജ് ആരംഭിക്കൽ.

ഈ സ്കീമുകളെല്ലാം നടപ്പിലാക്കിവരുന്നു.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ആശുപത്രികളിൽ എല്ലാം തന്നെ മുൻവർഷം പ്രഖ്യാപിച്ച താഴെപ്പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ് ആശുപത്രിയിൽ പേവാർഡ് കെട്ടിടം, കാഷ്വാലിറ്റി പുതിയ ബ്ലോക്ക്, ഡെന്റൽ ഒ.പി എന്നിവയുടെ പ്രവർത്തനം ആരംഭിച്ചു. കണ്ണൂർ ആയുർവേദ കോളേജ് ആശുപത്രിയിൽ 2013-14 സാമ്പത്തിക വർഷത്തിൽ രോഗികൾക്കാവശ്യമായ 89,80,000 രൂപയുടെ മരുന്നും 1,06,20,000 രൂപയുടെ രോഗികൾക്കുള്ള ഭക്ഷണപദാർത്ഥങ്ങൾ, ആശുപത്രി ഉപകരണങ്ങൾ, കെമിക്കലുകൾ ഉൾപ്പെടെ 1,96,00,000 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. തൃപ്പൂണിത്തുറ ആയുർവേദ കോളേജ് ആശുപത്രിയിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള കുളത്തിന്റെയും മഴവെള്ള സംഭരണിയുടെയും നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്. കൂടാതെ നേത്രവിഭാഗത്തിൽ 16.20 ലക്ഷം രൂപയുടെ രോഗനിർണ്ണയ ഉപകരണമായ ഫണ്ടസ് ക്യാമറ വാങ്ങുകയും രോഗനിദാനവകുപ്പിലെ രോഗനിർണ്ണയത്തിനുള്ള ഉപകരണങ്ങളായ ഹെമറ്റോളജി അനലൈസർ, സെമി ഓട്ടോ അനലൈസർ, എച്ച്.ബിഎ 1 സി റീഡർ എന്നിവ വാങ്ങുകയും ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ക്യാപിറ്റൽ ഹെഡ്ഡിൽ അനുവദിച്ച 1 കോടി രൂപയ്ക്ക് ആശുപത്രിയിൽ യോഗ & നാച്വറോപ്പതി യൂണിറ്റ് നിർമ്മിക്കുന്നതിന് PWD മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിൽ 2013-14 സാമ്പത്തിക വർഷം വകയിരുത്തിയ 150 ലക്ഷം രൂപ ഡിസ്പെൻസറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായും 450 ലക്ഷം രൂപ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായും ചെലവഴിച്ചിട്ടുണ്ട്.

തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുണ്ടായിരുന്ന പെയിൻ& പാലിയേറ്റീവ് കെയർ യൂണിറ്റ് കാൻസർ കെയർ ആക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിനായി 2013-14-ൽ 100 ലക്ഷം രൂപ അധിക കേന്ദ്ര സഹായമായി ലഭിച്ചു. 100 ലക്ഷം രൂപ ഉപയോഗിച്ച് ഫാർമസി കോളേജ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു. കൂടാതെ രോഗികളുടെ സൗകര്യാർത്ഥം ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2013-14 സാമ്പത്തിക വർഷത്തിൽ ചെറുകിട മരാമത്ത് പണികൾ എന്ന ഹെഡിൽ അനുവദിച്ച തുക ഉപയോഗിച്ചു കൊണ്ട് പി.പി. വാർഡ് നവീകരണം, ചെറുകിട മരാമത്ത് പണികൾ എന്നിവയും യന്ത്രോപകരണങ്ങൾ എന്ന ഹെഡിൽ അനുവദിച്ച തുക ഉപയോഗിച്ചു കൊണ്ട് ഇ.എൻ.റ്റി, ഫിസിയോതെറാപ്പി യൂണിറ്റുകളിലേക്ക് ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ചിലവുകൾ എന്ന ഹെഡിൽ അനുവദിച്ച തുക ഒ.പി, ഐ.പി രോഗികൾക്കുള്ള മരുന്ന്, ഭക്ഷണം, ക്ലിനിക്കൽ ലാബിലേക്ക് ആവശ്യമായ കെമിക്കലുകൾ, ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാനിറ്ററി വസ്തുക്കൾ, ഫർണീച്ചറുകൾ എന്നിവ ലഭ്യമാക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾക്കും വേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

ഹോമിയോപ്പതി വകുപ്പിൽ ഹോമിയോ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 5.6 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹോമിയോ ഡയറക്ടർ ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജനറൽ ആശു പത്രിയിൽ രോഗികൾ തമ്മിലടിച്ച രണ്ടു പേർ മരിക്കാനിടയായ തിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ആശുപത്രിതലത്തിൽ അന്വേഷണം നടത്തിയിരുന്നു. ഒമ്പതാം വാർഡിൽ പ്രവേശിപ്പിച്ചിരുന്ന രോഗികൾ തമ്മിലുണ്ടായ വാക്കുതർക്കത്തെ തുടർന്ന് പെട്ടെന്ന് അക്രമാസക്തനായ ഒരു രോഗി മറ്റു രണ്ടു പേരെയും മർദ്ദിച്ച് അവശനാക്കുകയും, തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരിക്കെ രണ്ടു പേരും മരണപ്പെടുകയുമുണ്ടായി. രോഗികളായ രണ്ട് പേരും മർദ്ദനമേറ്റു അവശരായതിനെ തുടർന്ന് മരണപ്പെടുകയായിരുന്നു എന്നാണ് അന്വേഷണത്തിൽ വെളിവാക്കപ്പെട്ടത്.

(ഡി) ആശുപത്രിയിലെ സ്ഥിതിഗതി മനസ്സിലാക്കി മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവിട്ടിരുന്നോ; എങ്കിൽ എന്തായിരുന്നു ഉത്തരവ്; അതിന്റെ കാരണം വെളിപ്പെടുത്തുമോ?

(ഡി) ആശുപത്രിയിലെ സ്ഥിതിഗതി മനസ്സിലാക്കി മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**